ഹരിതകേരളം മിഷൻ
കേരള സർക്കാർ

10.02.2022

പത്രക്കുറിപ്പ്

# ‘പുഴയൊഴുകും മാണിക്കൽ’ പാടശേഖരങ്ങളിൽ കൃഷി വീണ്ടെടുപ്പ് മന്ത്രി ജി.ആർ.അനിൽ നാളെ (12.02.2022) ഉദ്ഘാടനം ചെയ്യും

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാണിക്കൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടം പത്തേക്കർ വയലിൽ നാളെ (2022 ഫെബ്രുവരി 12 ശനിയാഴ്ച) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി.ആർ.അനിൽ വിത്ത് വിതച്ച് ഉദ്ഘാടനം ചെയ്യും.

മൂളയം വാർഡിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ അധ്യക്ഷനാകുന്ന ചടങ്ങിൽ നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ ഡോ: ടി എൻ സീമ, വാമനപുരം എം.എൽ.എ. ടി കെ മുരളി, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി കോമളം, തുടങ്ങിയവർ മുഖ്യാതിഥികളാകും. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തല ജനപ്രതിനിധികൾ പങ്കെടുക്കും. സർക്കാർ തലത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകളെ ഏകോപിപിച്ച് കൊണ്ടാണ് പുഴയൊഴുകും മാണിക്കൽ പദ്ധതി നടപ്പാക്കുന്നത്. വർഷങ്ങളായി കൃഷിയില്ലാതെ കിടക്കുന്ന തരിശു പാടങ്ങൾ ഈ പദ്ധതിയിലൂടെ ഏറ്റെടുത്ത് കൃഷിയോഗ്യമാക്കും. പുഴയും, തോടും, കൈതോടുകളും വൃത്തിയാക്കി പദ്ധതിയുടെ ഭാഗമാക്കുന്നത്തോടെ അനുബന്ധ കൃഷിവിളകൾക്കും ജലം ലഭിക്കും. ചങ്ങാട കൃഷി, മത്സ്യ കൃഷി തുടങ്ങിയവ ഉൾപെടുത്തിയിട്ടുണ്ട്. കുട്ട വഞ്ചി, സൈക്ലിങ് പാതകൾ, വയലോര നടപ്പാതകൾ, കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി പ്രാദേശിക വിഭവങ്ങളുടെ ഫുഡ് കോർട്ടുകൾ എന്നിവ ടൂറിസം സാധ്യത മുൻനിർത്തി നടപ്പിലാക്കും.

മാണിക്കൽ പ്രദേശത്ത് വേളാവൂർ തോട് എന്നറിയപ്പെടുന്ന പുഴയുമായി ബന്ധിപ്പിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര പദ്ധതിയാണ് പുഴയൊഴുകും മാണിക്കൽ. മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിലാണ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. നിലവിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഈ പുഴയും അനുബന്ധ ഭൂപ്രദേശങ്ങളും വീണ്ടെടുക്കുകയും പ്രദേശവാസികളുടെ സാമ്പത്തിക വികസനവും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഹരിതകേരളം മിഷന്റെ ജനകീയ നീർച്ചാൽ വീണ്ടെടുപ്പ് യജ്ഞമായ ഇനി ഞാനൊഴുകട്ടെയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ അറിയിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ
9895882812

റ്റി.സി 2/3271(3)(4), ‘ഹരിതം’, കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

F1693